പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 418 — 01.12.2015-ൽ മറുപടിയ്ക്ക്

# എനർജി ഇന്നവേഷൻ സോൺ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. പി. സി. വിഷ്ണുനാഥ് :<br>ശ്രീ. എം. എ. വാഹിദ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് എനർജി ഇന്നവേഷൻ സോൺ പ്രവർത്തിക്കുന്നുണ്ടോ ; | (എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ മേൽനോട്ടത്തിൽ എനർജി ഇന്നവേഷൻ സോൺ 2013 ജൂലൈ 1 മുതൽ 2015 ജൂലൈ 31 വരെ കളമശ്ശേരിയിലുള്ള സ്റ്റാർട്ട് അപ്പ് വില്ലേജിൽ പ്രവർത്തിച്ചിരുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) എനർജി ഇന്നവേഷൻ സോണിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്<br>I. ഗവേഷകർക്കും നൂതന ആശയങ്ങളുടെ ഉപജ്ഞാതാക്കൾക്കും ഊർജ്ജ സംരക്ഷണത്തിനും നവീന ഊർജ്ജ സ്രോതസ്സുകളുടെ വികസനത്തിനും ചെലവു കുറഞ്ഞതും സമയബന്ധിതവും കാര്യക്ഷമവുമായ വൈദ്യുതി ഉത്പാദനത്തിനുതകുന്ന ഇതര വഴികളുടെ വികസനത്തിനും വേണ്ടി ആവശ്യമായ സ്ഥലം ഒരുക്കുക.<br>II. ഊർജ്ജ ലഭ്യതയുടെ പരിമിതിക്ക് പരിഹാരം (സംസ്ഥാന/രാജ്യ/ലോക തലങ്ങളിൽ) കാണുന്നതിനുള്ള ഗവേഷണം പ്രോത്സാഹിപ്പിക്കുക.<br>III. ചെറുകിട/വൻകിട സംരംഭകരെ ഈ മേഖലയിലേക്ക് പങ്കെടുപ്പിച്ച് ഈ പദ്ധതിക്ക് വേണ്ട പ്രചാരം കിട്ടാനും ഭാവി വിപുലീകരണത്തിനും ഉതകുന്ന തരത്തിലുള്ള പിൻതുണ നല്കുക. |

IV. പ്രസ്തുത വികസന പ്രവർത്തനങ്ങളുടെ നേതൃസ്ഥാനത്ത് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനെ പൊതു സാമൂഹ്യ മാധ്യമങ്ങളിലൂടെ ഉയർത്തിക്കാട്ടുക.

V. വൈദ്യുതി മേഖലയുമായി ചേർന്ന് പ്രായോഗിക പരിജ്ഞാനം ലഭ്യമാകാനുതകുന്ന തരത്തിൽ സ്റ്റാർട്ടപ്പ് വില്ലേജിനെ ഉപയോഗപ്പെടുത്തുകയും ഊർജ്ജ അവബോധമുള്ള ഒരു ജനതയെ വാർത്തെടുക്കുകയും ചെയ്യുക.

(സി) ഇതിന്റെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

(സി) സംസ്ഥാന സർക്കാരിന്റെ 12.06.2013-ലെ ഉത്തരവ് പ്രകാരം എനർജി ഇന്നവേഷൻ സോണിന്റെ പ്രവർത്തന ചെലവുകൾക്കായി ഇന്നവേഷൻ ഫണ്ടിൽ നിന്നും അമ്പതു ലക്ഷം രൂപ അനുവദിക്കുകയും പ്രവർത്തനാനുമതി നല്കുകയും ചെയ്തു. ഇതിന്റെ നടത്തിപ്പിനായും സ്റ്റാർട്ടപ്പ് വില്ലേജ് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡുമായി ധാരണാ പത്രവും കരാറും ഒപ്പുവച്ചു. പ്രസ്തുത കരാറിന്റെ കാലാവധി 31.07.2015-ൽ അവസാനിച്ചു. സ്റ്റാർട്ടപ്പ് വില്ലേജ് വഴി നടത്തിയിരുന്ന പ്രവർത്തനങ്ങൾ ഇനി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നേരിട്ട് നടപ്പിലാക്കാൻ ആലോചിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ.